ഹോർട്ടികൾച്ചർ കോർപ്പറേഷൻ

186 (3393) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ കോർപ്പറേഷൻ കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലായി എത്ര തുകയുടെ പച്ചക്കറി സംഭരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പച്ചക്കറി പൂർണ്ണമായും സംസ്ഥാനത്തിനുള്ളിലെ കർഷകരിൽ നിന്നാണോ അതോ സംസ്ഥാനത്തിനു പുറത്തു നിന്നുള്ള കർഷകരിൽ നിന്നാണോ സംഭരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥർ സംസ്ഥാനത്തിനുള്ളിലെ കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുവാൻ കൂടുതൽ താൽപര്യം കാണിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആ പ്രവണത പൂർണ്ണമായും ഒഴിവാക്കി സംസ്ഥാനത്തിനുള്ളിലെ കർഷകരിൽ നിന്നു മാത്രം അത് തികയാതെ വരുമ്പോൾ മാത്രം സംസ്ഥാനത്തിനു പുറത്തു നിന്ന് സംഭരിക്കാനും കർശന നിർദ്ദേശം നൽകുമോ;

(ഇ) പച്ചക്കറി സംഭരണത്തിൽ കേരള കർഷകരെ അവഗണിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) ഹോർട്ടികോർപ്പിന്റെ കഴിഞ്ഞ നാല് വർഷങ്ങളിലെ പച്ചക്കറി സംഭരണ തുകയുടെ വിശദാംശങ്ങൾ താഴെച്ചേർക്കും പ്രകാരമാണ്.

2011-12	-	1385.13 ലക്ഷം രൂപ
2012-13	-	3057.45 ലക്ഷം രൂപ
2013-14	-	9183.90 ലക്ഷം രൂപ
2014-15	-	6785.07 ലക്ഷം രൂപ

(ബി) ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് പരമാവധി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത്. ഹോർട്ടികോർപ്പ് 45-ഓളം ഇനം പച്ചക്കറികളാണ് വിപണനം ചെയ്യുന്നത്. ഇപ്രകാരം വിപണനം ചെയ്യുന്ന പച്ചക്കറികളിൽ കേരളത്തിൽ ലഭ്യമല്ലാത്തവ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചുവരുന്നത്. കേരളത്തിലെ കർഷകരിൽ നിന്നും ലഭ്യമാകുന്ന എല്ലാ ഇനം പച്ചക്കറികളും സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നതിനാൽ ഇക്കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കർമ്മ പദ്ധതി

187 (3394) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇടനിലക്കാരുടെ ചൂഷണമില്ലാതെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇടനിലക്കാരുടെ ചൂഷണമില്ലാതെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ട്.

തിരുവനന്തപുരം ജില്ലയിലുള്ള ആനയറ, എറണാകുളം ജില്ലയിലുള്ള മരട്, കോഴിക്കോട് ജില്ലയിലുള്ള വേങ്ങേരി എന്നീ നഗര കാർഷിക മൊത്തവ്യാപാര

LIBRARY ARCHIVES Kerala Legislative Assembly